# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 01.09.2026**

### പ്രധാനവാർത്തകൾ

1. ഭീകരവാദത്തെ സഹായിക്കുന്ന എല്ലാ സംവിധാനങ്ങളും തകർക്കാൻ യോജിച്ച് പ്രവർത്തിക്കണമെന്ന് ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി പ്രധാനമന്ത്രി സംവദിച്ചു.
2. കായികതാരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കാൻ സംസ്ഥാനത്ത് കായിക സർവ്വകലാശാല ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
3. മുല്ലപ്പെരിയാർ അണക്കെട്ടിൽ സുപ്രീംകോടതി നിർദ്ദേശിച്ച അഞ്ചംഗ വിദഗ്ദ്ധ സമിതി സമഗ്ര സുരക്ഷാ പരിശോധന ആരംഭിച്ചു.
4. അമീബിക് മസ്തിഷ്ക്കജ്വരത്തെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശി മരിച്ചു.
5. ദേശീയ പോഷകാഹാര വാരത്തിന് തുടക്കമായി. അങ്കണവാടി കുട്ടികൾക്കായുള്ള ആരോഗ്യപരിശോധനാ പദ്ധതി - ബാല്യസ്പന്ദനത്തിന് നാളെ സംസ്ഥാനത്ത് തുടക്കമാകും.
6. ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി രാജ്യാന്തര മത്സരങ്ങളിൽ നിന്ന് വിരമിച്ചു.

RNU TVPM

**************************************

## പ്രധാനമന്ത്രി

ഭീകരവാദത്തിനുള്ള സാമ്പത്തിക സഹായം, റിക്രൂട്ട്മെൻ്റ്, സുരക്ഷിത താവളങ്ങൾ എന്നിവയുടെ മുഴുവൻ ശൃംഖലയും തകർക്കാൻയോജിച്ച് പ്രവർത്തിക്കണമെന്ന് പ്രധാന മന്ത്രി നരേന്ദ്രമോദി. കിർഗിസ്ഥാൻ്റെ തലസ്ഥാനമായ ബിഷ്കെക്കിൽ നടന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ 26-ാമത് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദ വിഷയത്തിൽ ഇരട്ടത്താപ്പിന് സ്ഥാനമില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ലോകത്തിൻ്റെ വിവിധ ഭാഗങ്ങളിൽ തുടരുന്ന സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച അദ്ദേഹം യുദ്ധം ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നും പറഞ്ഞു. ഉച്ചകോടിക്ക് മുന്നോടിയായി ചൈനീസ് പ്രസിഡൻ്റ് ഷി ജിൻപിങ്ങുമായി പ്രധാനമന്ത്രി സംവദിച്ചു.

PNU TVPM

*********************************

## ഗവർണർ (ഇൻട്രോ)

കായികതാരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് സംസ്ഥാനത്തു കായിക സർവ്വകലാശാല ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഇതിലൂടെ കായികതാരങ്ങളുടെ കഴിവും നൈപുണ്യവും വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ കായിക ദിനാചരണവുമായി ബന്ധപ്പെട്ട് കേരള സർവകലാശാല സംഘടിപ്പിച്ച "Ek Ghanta Khel ke Maidan Mein" പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

(ഹോൾഡ് വോയിസ് )

മന്ത്രിമാരായ റോജി എം. ജോൺ, ഒ. ജെ. ജനീഷ്, ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് തുടങ്ങിയവർ പങ്കെടുത്തു.

*********************************

## എൻ.ഐ.ടി

കാലിക്കറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 66-ാമത് സ്ഥാപകദിനാഘോഷങ്ങൾക്ക് തുടക്കമായി. മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. എൻ.ഐ.ടി കാലിക്കറ്റ് ഡയറക്ടർ പ്രസാദ് കൃഷ്ണ അധ്യക്ഷനായിരുന്നു. ഫ്ളാഗ്ഷിപ്പ് പരിപാടിയായ ഏകസ്വ 2026 - രണ്ടാമത് ഇന്നൊവേഷൻ മീറ്റും പേറ്റൻറ് എക്സ്പോയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

*********************************

## മുല്ലപ്പെരിയാർ - (ഇൻട്രോ)

മുല്ലപ്പെരിയാർ അണക്കെട്ടിൽ സുപ്രീംകോടതി നിർദ്ദേശിച്ച സമഗ്ര സുരക്ഷാ പരിശോധന ആരംഭിച്ചു. ദേശീയ ജല വൈദ്യുത കോർപ്പറേഷൻ മുൻ സി.എം.ഡി ബൽരാജ് ജോഷി അധ്യക്ഷനായ അഞ്ചംഗ വിദഗ്ധ സമിതിയാണ് പരിശോധനകൾ നടത്തുന്നത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയിസ്)**

*********************************

## പരിയാരം മെഡിക്കൽ കോളേജ്

കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ജീവനക്കാരുടെ പ്രതിനിധികൾ ഉന്നയിച്ച ആശങ്കകൾ പരിശോധിക്കാൻ വിദഗ്ധർ അടങ്ങുന്ന ഉന്നതതല സമിതിക്ക് രൂപം നൽകുമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജ് ഏറ്റെടുത്തതിനോടനുബന്ധിച്ച് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങളിലുണ്ടായ അപാകതകൾ പരിഹരിക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

*********************************

## മന്ത്രി എം. ലിജു

മദ്യനയത്തെ കുറിച്ചുള്ള ചർച്ചകൾ ഈ മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി. മന്ത്രി. എം ലിജു. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാറുകൾ കുറയ്ക്കുക

RNU TVPM

എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്നും കൂട്ടായ ചർച്ചകളിലൂടെ തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

*************************************

## സ്വച്ഛത പഖ്വാഡ

രണ്ടാഴ്ച നീളുന്ന സ്വച്ഛത പഖ്വാഡയ്ക്ക് ഇന്ന് രാജ്യമെമ്പാടും തുടക്കമാകും. കേന്ദ്രമന്ത്രി ജെ പി നഡ്ഡ ഉദ്ഘാടനം ചെയ്യും. തൊഴിലിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുക, തൊഴിൽ സംസ്കാരത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നിവയാണ് പ്രചാരണത്തിൻറെ ലക്ഷ്യം. ഭരണപരമായ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും ഇ-ഫയലിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, ഭൗതിക - ഡിജിറ്റൽ ശുചിത്വത്തിനൊപ്പം രേഖകളുടെ പരിപാലനത്തിനും ഇത്തവണ പ്രത്യേക മുൻഗണന നൽകുന്നുണ്ട്.

*************************************

## ശുചീകരണ യജ്ഞം

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നഗരസഭയുടെ നേതൃത്വത്തിൽ മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. മേയർ വി വി രാജേഷ് ഉദ്ഘാടനം ചെയ്തു. ആശുപത്രി പരിസരത്തെ ശുചിത്വം എല്ലാവരുടേയും ഉത്തരവാദിത്തമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. നിരവധി പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

*************************************

## അമീബിക് മസ്തിഷ്കജ്വരം

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. മലപ്പുറം സ്വദേശിയായ മുഹമ്മദ് ഷഫീഖാണ് മരിച്ചത്. ഒരിടവേളയ്ക്ക് ശേഷമാണ് മലപ്പുറത്ത് വീണ്ടും അമീബിക് മസ്തിഷ്കജ്വരം മൂലം മരണം റിപ്പോർട്ട് ചെയ്തത്. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

*************************************

RNU TVPM

## പ്രധാനമന്ത്രി - ജി ഡി പി

140 കോടി ജനങ്ങളുടെ കഠിനാധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതിഫലനമാണ് ഇന്ത്യയുടെ 7.8 ശതമാനം സാമ്പത്തിക വളർച്ചയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ആഗോള പ്രതിസന്ധികൾക്കിടയിലും രാജ്യം അതിവേഗം പുരോഗമിക്കുകയാണെന്നും സമൂഹമാധ്യമത്തിൽ പങ്കുവെച്ച വീഡിയോ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. വിദേശ യാത്രകൾ പരിമിതപ്പെടുത്താനും, വിവാഹങ്ങൾ വിദേശ രാജ്യങ്ങളിൽ നടത്തുന്നത് ഒഴിവാക്കാനും, സ്വർണം വാങ്ങുന്നത് കുറയ്ക്കാനും അദ്ദേഹം പൗരന്മാരോട് ആഹ്വാനം ചെയ്തു.

*********************************

## ദേശീയ പോഷകാഹാര വാരം (ഇൻട്രോ)

ദേശീയ പോഷകാഹാര വാരത്തിന് തുടക്കമായി. സമീകൃത ആഹാരം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവയെ കുറിച്ച് അവബോധം വളർത്തുന്നതിനാണ് സെപ്റ്റംബർ ഒന്ന് മുതൽ 7 വരെ പോഷകാഹാര വാരം ആചരിക്കുന്നത്. പോഷകാഹാര മേഖലയിൽ രാജ്യം വൻ മുന്നേറ്റം കൈവരിക്കുമ്പോഴും, ഗോത്രമേഖലകളിലെ പോഷകാഹാരക്കുറവും വിളർച്ചയും വലിയൊരു പൊതുജനാരോഗ്യ സങ്കീർണ്ണതയായി തുടരുന്നു. ഈ മേഖലകളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് **കാസർഗോഡ് പരപ്പയിലെ അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ഷിനു സുകുമാരൻ ആകാശവാണി വാർത്തകളോട്...**

(വോയ്സ്)

*********************************

## ബാല്യസ്പന്ദനം

അങ്കണവാടി കുട്ടികൾക്കായുള്ള ആരോഗ്യപരിശോധനാ പദ്ധതി - ബാല്യസ്പന്ദനത്തിന് നാളെ സംസ്ഥാനത്ത് തുടക്കമാകും.

RNUTVPM

പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ തിരുവനന്തപുരം വട്ടിയൂർക്കാവ് കൊടുങ്ങാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർവഹിക്കും. ചടങ്ങിൽ കുട്ടികൾക്കായുള്ള വളർച്ചാ നിരീക്ഷണ പരിപാടി മേയർ വി വി രാജേഷ് ഉദ്ഘാടനം ചെയ്യും. അങ്കണവാടികളിലൂടെ സേവനം ലഭിക്കുന്ന മുഴുവൻ കുട്ടികൾക്കും ആരോഗ്യ പരിശോധന ഉറപ്പാക്കി തുടർചികിത്സ ലഭ്യമാക്കുകയും ചെയ്യുന്ന ത്രൈമാസ ആരോഗ്യ പദ്ധതിയാണ് ബാല്യസ്പന്ദനം.

******************************

## കേന്ദ്രീകൃത അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ, സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ 2026 ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ സംസ്ഥാന ക്വാട്ട സീറ്റുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾ cee.kerala.gov.in ൽ ലഭ്യമാണ്.

RNU TVPM

******************************

## ലയണൽ മെസ്സി

ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി രാജ്യാന്തര മത്സരങ്ങളിൽ നിന്ന് വിരമിച്ചു. ഔദ്യോഗിക ഇൻസ്റ്റാഗ്രാം അക്കൗണ്ടിലൂടെയാണ് താരം ഈ തീരുമാനം അറിയിച്ചത്. 20 വർഷം നീണ്ട യാത്രയിൽ ലോകകപ്പ് വിജയം, രണ്ട് കോപ്പ അമേരിക്ക കിരീടങ്ങൾ, എന്നിവ ഉൾപ്പെടുന്നതാണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ. അർജന്റീനയ്ക്കായി 207 മത്സരങ്ങൾ കളിച്ച റെക്കോർഡും മെസ്സി സ്വന്തമാക്കി. കളിക്കളത്തിൽ രാജ്യത്തിനായി രണ്ട് ദശാബ്ദത്തോളം നിറഞ്ഞു നിന്ന അദ്ദേഹം ജൂലൈയിൽ സ്പെയിനിനെതിരായ ലോകകപ്പ് തോൽവിയും പിതാവിൻറെ വേർപാടുമാണ് കളിക്കളം വിടാനുള്ള തീരുമാനത്തിലേക്ക് നയിച്ചതെന്ന് വ്യക്തമാക്കി.

******************************

## നേപ്പാൾ

നേപ്പാളിലെ തൃശൂലി-3A ജലവൈദ്യുത പദ്ധതി പ്രദേശത്ത് തുരങ്കങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന 600 ലധികം തൊഴിലാളികളെ പുറത്തെടുക്കാനുള്ള ശ്രമം തുടരുന്നു. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി. 3,925 പേരെ കാണാതായി. ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിൽ നിന്ന് ഇതുവരെ 279 പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

*********************************

## ഡോ. ജെ രാമചന്ദ്രൻ നായർ

ഹിന്ദി സാഹിത്യകാരനും വിവർത്തകനുമായ ഡോ. ജെ രാമചന്ദ്രൻ നായർക്ക് വിടയേകി ജന്മനാട്. എറണാകുളം രവിപുരം ശ്മശാനത്തിൽ ഭൗതിക ദേഹം സംസ്കരിച്ചു. കേന്ദ്ര സർക്കാരിൻ്റെ വിവിധ വകുപ്പുകളിൽ ഉപദേശക സമിതി അംഗം, ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

*******************************************************************************************

*******************************************

RNU TVPM